


കണ്ടു ഞാനമ്മയിൽ ക്രിസ്തുവിൻെറ മുഖം
കാൽവറി തന്നിലെ ത്യാഗവും സ്നേഹവും
കാന്തിതൂകീടുമാ കൺകൾ ചൊരിഞ്ഞതാം
കണ്ണീർക്കണങ്ങളും കാരുണ്യവും

ഒരുവററു ചോറിനായ് കരയുന്ന കുഞ്ഞിനും
ഒരുവാക്കൊന്നുരുവിടാൻ കഴിയാത്ത മൂകനും
ചേറുപുതപ്പാക്കി ചേരികളിൽ പാർക്കും
ചേരിനിവാസിക്കും അമ്മ തുണ

യുദ്ധക്കെടുതിയിൽ എല്ലാമുപേക്ഷിച്ചു
നട്ടം തിരഞ്ഞോടും അഭയാർഥിയ് ക്കും
പ്ര കൃതിക്ഷോഭങ്ങളിൽ ഭൂമികുലുക്കത്തിൽ
പിഴുതെറിഞ്ഞോർക്കും ഈ അമ്മ തുണ

ഒരുനിമിഷത്തിൻെ ലഹരിയിലമർന്നതാൽ
ഇരുൾ മൂടി നിൽക്കുന്ന അബലകൾക്കും
അവിഹിത ഗർഭത്തെ പേറി നിന്നീടുന്ന
അവിവാഹിതകൾക്കും ഈ അമ്മ തുണ

ചവറിൻെറ കൂനയിൽ പ്രസവിച്ചെറിഞ്ഞതാം
ചോര പൊടിയും കരയും ശിശുവിനും
അത്താണിയായി വിളങ്ങി നിന്നീടുന്നു
അമ്മ തെരേസ ഈ കൽക്കട്ടയിൽ.

കവിത: ആൻഡ്രൂസ് അഞ്ചേരി

(1979 ഒക്ടോബർ 21ന മദർ തെരേസ നോബൽ സമ്മാനത്തിന തിരഞ്ഞെടുക്കപ്പെട്ട സന്തോഷ വാർത്ത ശ്രവിച്ചപ്പോൾ എഴുതിയ കവിത. കൽക്കട്ടയിൽ ഒൻപതു വർഷങ്ങൾ ജോലി ചെയ്തിരുന്ന വേളയിൽ ഇദ്ദേഹം മദർ തെരേസയുടെ പ്രവർത്തനങ്ങളിൽ സന്നദ്ധ സേവകനായിരുന്നിട്ടുണ്ട്.)